**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1578** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗാസ്ട്രോ എന്ററോളജി വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗാസ്ട്രോ എന്ററോളജി വിഭാഗത്തിൽ എത്ര ഡോക്ടർമാർ ഉണ്ടെന്നും, ഏതൊക്കെ ജില്ലകളിൽ നിന്നായി മാസത്തിൽ എത്ര രോഗികൾ ഈ ആശുപത്രിയിൽ എത്തുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സർജിക്കൽ ഗാസ്ട്രോ എന്ററോളജി വിഭാഗത്തിൽ 3 തസ്തികകളിൽ ഒരു പ്രൊഫസറും ഒരു അസിസ്റ്റന്റ് പ്രൊഫസറുമുൾപ്പെടെ 2 ഡോക്ടർമാർ നിലവിലുണ്ട്. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ നിന്നായി മാസത്തിൽ ഏകദേശം 500 രോഗികളിൽ കൂടുതൽ ഈ വിഭാഗത്തിൽ ചികിൽസയ്ക്കായി എത്തുന്നുണ്ട്. |
| (ബി) | ആഴ്ചയിൽ എത്ര സർജറികൾ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഈ വകുപ്പിൽ നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | പത്തോളം സർജറികൾ സർജിക്കൽ ഗാസ്ട്രോ എന്ററോളജി വിഭാഗത്തിന്റേതായി നിലവിൽ നടത്തി വരുന്നുണ്ട്. |
| (സി) | നിലവിൽ എത്ര രോഗികൾ സർജറിയ്ക്കായി കാത്തിരിക്കുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | നിലവിൽ 36 രോഗികൾ സർജിക്കൽ ഗാസ്ട്രോ എന്ററോളജി വിഭാഗത്തിൽ സർജറിയ്ക്കായി കാത്തിരിക്കുന്നുണ്ട് |
| (ഡി) | ഈ വിഭാഗത്തിൽ കൂടുതൽ ഡോക്ടർമാരെ നിയോഗിച്ചുകൊണ്ട് ആഴ്ചയിൽ കൂടുതൽ ദിവസങ്ങളിൽ സർജറി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിലുള്ള ഡോക്ടർമാരുടെ/സീനിയർ റസിഡന്റുമാരുടെ അപര്യാപ്തതയും ഓപ്പറേഷൻ ടേബിളുകളുടെ എണ്ണത്തിലുള്ള കുറവും സർജിക്കൽ ഗാസ്ട്രോ എന്ററോളജി വിഭാഗത്തിൽ കൂടുതൽ ദിവസങ്ങളിൽ സർജറി നടത്തുന്നതിന് തടസമായി നിൽക്കുന്നുണ്ട്. എന്നിരുന്നാലും ഈ വിഭാഗത്തിൽ ആഴ്ചയിൽ കൂടുതൽ ദിവസങ്ങളിൽ സർജറി നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള നിർദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ